# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു ചെയർപേഴ്സൺ.

**എച്ച് ആർ എം പി നമ്പർ : 8924/11/12/2024/റ്റി വി എം.**

ഹർജിക്കാരൻ : കെ.എസ്. സുധീരൻ, ശ്രേയസ്,
ചൂരോട്, ആലംകോട് 695102.

എതിർകക്ഷി : കടയ്ക്കാവൂർ വിക്രമൻ.

എതിർകക്ഷി :

**ഉത്തരവ് തീയതി : 08-05-2025.**

കടയ്ക്കാവൂർ വിക്രമൻ എന്ന വ്യക്തി Kerala State Human Rights Commission എന്ന ഈ കമ്മീഷന്റെ പേരിനോട് സാദൃശ്യമുള്ള Kerala State Human Rights Protection Council എന്നപേരിൽ ഒരു സംഘടന രൂപീകരിച്ച് ടിയാന്റെ വാഹനത്തിൽ അനധികൃതമായി മേൽ പേരിൽ board സ്ഥാപിച്ചതിനെതിരെ ലഭിച്ച പരാതിയിൽ കമ്മീഷന്റെ ഉത്തരവിനെ തുടർന്ന് ബോർഡ് നേരത്തെ നീക്കം ചെയ്തെങ്കിലും ജില്ലാ കളക്ടറുടെ ഉത്തരവുണ്ടെന്ന് പറഞ്ഞ് വീണ്ടും കാറിൽ ടി ബോർഡ് സ്ഥാപിച്ചിരിക്കുന്നതിനെതിരെയാണ് പരാതി.

2. പരാതി വിഷയത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടറോടും ട്രാൻസ്പോർട്ട് കമ്മീഷണറോടും റിപ്പോർട്ടുകൾ ആവശ്യപ്പെട്ടുകൊണ്ട് കേസ് ഇന്നത്തേക്ക് മാറ്റി.

3. ഇന്ന് കേസ് പരിഗണനയ്ക്ക് എടുത്ത സമയം ജില്ലാ കളക്ടർക്ക് വേണ്ടി സീനിയർ സൂപ്രണ്ട് നേരിട്ട് ഹാജരായി ജില്ലാ കളക്ടറുടെ 7..5..2025 തീയതിയിലെ റിപ്പോർട്ട് ഫയൽ ചെയ്തു. ട്രാൻസ്പോർട്ട് കമ്മീഷണറെ പ്രതിനിധീകരിച്ച് മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഹാജരായി ട്രാൻസ്പോർട്ട് കമ്മീഷണറുടെ 5..5..2025 തീയതിയിലെ റിപ്പോർട്ട് സമർപ്പിച്ചു.

4. KL 16.K.1992 എന്ന വാഹനത്തിൽ നിയമവിരുദ്ധമായി Kerala State Human Rights Protection Council എന്ന ബോർഡ് സ്ഥാപിച്ചിരിക്കുന്നത് നീക്കം ചെയ്യാൻ വാഹന ഉടമയായ കടയ്ക്കാവൂർ വിക്രമന് കർശന നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ വാഹനത്തിൽ നിന്നും ബോർഡ് നീക്കം ചെയ്തിട്ടുണ്ടെന്നും ഹിയറിങ്ങിനും വിശദീകരണം നൽകുന്നതിനും 28 3 2025 ന് ആറ്റിങ്ങൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ഹാജരാകുന്നതിന് കടക്കാവൂർ വിക്രമന് നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ അതിന് തയ്യാറാകാത്തതിനാൽ 1988 ലെ മോട്ടോർ

4

വാഹന നിയമത്തിലെ 55(5) വകുപ്പ് പ്രകാരം KL 16.K.1992 വാഹനത്തിൻറെ രജിസ്ട്രേഷൻ റദ്ദ് ചെയ്തെന്നും എം പരിവാഹൻ സൈറ്റിൽ ഈ വാഹനത്തിൻറെ രജിസ്ട്രേഷൻ റദ്ദാക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ടെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. സമാനമായ വിവരങ്ങളാണ് ജില്ലാ കളക്ടറുടെ റിപ്പോർട്ടിലും പറഞ്ഞിരിക്കുന്നത്.

5. ഹർജിക്കാരനും ഇന്ന് കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി. നിയമവിരുദ്ധമായി സ്ഥാപിച്ചിരുന്ന ബോർഡ് നീക്കം ചെയ്തതായും വാഹനത്തിൻറെ രജിസ്ട്രേഷൻ റദ്ദ് ചെയ്തതായും മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരും നേരിട്ട് അറിയിച്ചു.

6. അനധികൃതമായി സ്ഥാപിച്ചിരുന്ന ബോർഡ് വാഹനത്തിൽ നിന്നും നീക്കം ചെയ്യുകയും വാഹനത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ ഈ പരാതിയിൽ തുടർനടപടികൾ ആവശ്യമില്ല. മേൽ റിപ്പോർട്ടുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഈ പരാതിയിലെ നടപടി കമ്മീഷൻ അവസാനിപ്പിക്കുന്നു. ഹർജിക്കാരനും ട്രാൻസ്പോർട്ട് കമ്മീഷണർക്കും തിരുവനന്തപുരം ജില്ലാ കളക്ടർക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക

( ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.

j